## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51 — 12.06.2012 - ൽ മറുപടിയ്ക്ക്

### നന്മ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>„ ജി. സുധാകരൻ<br>„ വി. ശിവൻകുട്ടി<br>„ എ. പ്രദീപ്കുമാർ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>*(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി)* |
| (എ) സഹകരണ മേഖലയിൽ പുതുതായി ആരംഭിച്ച നന്മ പദ്ധതിയും നിലവിലുള്ള നീതി സ്റ്റോർ പദ്ധതിയും തമ്മിലുള്ള വ്യത്യാസങ്ങൾ വെളിപ്പെടുത്താമോ; | (എ) | നന്മ പദ്ധതി സഹകരണ സംഘങ്ങൾ വഴിയും കൺസ്യൂമർ ഫെഡറേഷൻ വഴിയും നടത്താവുന്നതാണ്. നീതി സ്റ്റോർ പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ വഴി മാത്രം നടത്തുന്നവയാണ്. നന്മ സ്റ്റോറുകളിൽ 350-ഓളം ഇനം നിത്യോപയോഗ സാധനങ്ങൾ ലഭ്യമാണ്. ഇതിൽ 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ കമ്പോള വിലയേക്കാൾ ശരാശരി 20% വിലക്കുറവിൽ വർഷം മുഴുവനും ലഭ്യമാക്കുന്നു. ഈ ആനുകൂല്യം നീതി സ്റ്റോറുകളിൽ ലഭ്യമല്ല. നീതി സ്റ്റോറുകളിൽ വിൽപ്പന സാധനങ്ങളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല. |
| (ബി) ഇതിനകം എത്ര നീതി സ്റ്റോറുകൾ അനുവദിക്കുകയുണ്ടായി;<br>എന്തെല്ലാം സാധനങ്ങൾ ഇതുവഴി വിതരണം ചെയ്തുവരുന്നുണ്ട്; | (ബി) | ഇതുവരെ 925 നീതി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യസാധനങ്ങൾ (food & grocery) കോസ്മെറ്റിക്സ്, സ്റ്റേഷനറി, ത്രിവേണി നോട്ടുബുക്കുകൾ, നീതി ഗ്യാസ് എന്നിവ ഉൾപ്പെടെ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും നീതി സ്റ്റോറുകൾ വഴി വിതരണം ചെയ്തു വരുന്നുണ്ട്. |

(സി) എത്ര നന്മ സ്റ്റോറുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്; എന്തെല്ലാം സാധനങ്ങൾ ഇതുവഴി വിതരണം ചെയ്തു വരുന്നു;

(സി) 1329 എണ്ണം. കമ്പോള വിലയെക്കാൾ ശരാശരി 20% വിലക്കുറവിൽ നന്മ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന 10 ഇനം നിത്യോപയോഗ സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ജയ
2. കുറുവ അരി
3. മട്ട അരി (ത്രിവേണി നാടൻ കുത്തരി ഉൾപ്പെടെ)
4. പച്ചരി
5. പഞ്ചസാര
6. ത്രിവേണി വെളിച്ചെണ്ണ/മറ്റിനം വെളിച്ചെണ്ണ
7. മുളക്/പിരിയൻ മുളക്
8. ചെറുപയർ
9. ഉഴുന്നു ബാൾ
10. മല്ലി

ഇവ കൂടാതെ കോസ്മെറ്റിക്സ്, സ്റ്റേഷനറി ഇനങ്ങൾ ഉൾപ്പെടെ 350 ഓളം നിത്യോപയോഗ സാധനങ്ങളും നന്മ സ്റ്റോറുകൾ വഴി വിതരണം ചെയ്തു വരുന്നുണ്ട്.

(ഡി) നീതി സ്റ്റോറുകളും നന്മ സ്റ്റോറുകളും വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ സംഭരണം, വിപണനം, വില നിശ്ചയിക്കൽ, സർക്കാർ സബ്സിഡി തുടങ്ങിയ കാര്യങ്ങളിലെ വ്യത്യാസങ്ങൾ വിശദമാക്കുമോ; ഇവ രണ്ടും നടത്തുന്നത് സഹകരണ സംഘങ്ങളാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) നീതിസ്റ്റോറുകൾ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ വഴി മാത്രവും നന്മ സ്റ്റോറുകൾ സഹകരണ സംഘങ്ങൾ, കൺസ്യൂമർ ഫെഡറേഷൻ എന്നിവ വഴിയും നടത്തുന്നവയാണ്. നീതി സ്റ്റോറുകളിലേക്കാവശ്യമായ സാധനങ്ങൾ സംഭരിച്ച് എത്തിച്ചു കൊടുക്കുന്നത് കൺസ്യൂമർ ഫെഡറേഷനാണ്. നീതി സ്റ്റോറുകളും നന്മ സ്റ്റോറുകളും വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ സംഭരണം, വിപണനം, വില നിശ്ചയിക്കൽ, സർക്കാർ സബ്സിഡി തുടങ്ങിയ കാര്യങ്ങളിലെ വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു.

<u>നീതി സ്റ്റോർ</u>

പ്രമുഖ പത്രങ്ങൾ, വെബ്സൈറ്റ് ഇവയിലൂടെ പരസ്യം നൽകി ക്വട്ടേഷൻ സ്വീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സപ്ലയർമാരെ നേരിട്ട് വരുത്തി അവരുമായി നെഗോഷിയേറ്റ് ചെയ്ത് വില പരമാവധി കുറപ്പിച്ചും ഗുണനിലവാരം ഉറപ്പു വരുത്തിയും കേന്ദ്രീകൃതമായിട്ടാണ് ഫെഡറേഷൻ സാധനങ്ങൾ സംഭരിക്കുന്നത്. സംഘങ്ങൾ നൽകുന്ന ഇൻഡന്റ് അനുസരിച്ച് ഫെഡറേഷന്റെ ചെലവിൽ സാധനങ്ങൾ നേരിട്ട് നീതി സ്റ്റോറുകളിൽ എത്തിച്ചു കൊടുക്കുന്നു.

സംഭരണ വിതരണ ചെലവുകൾ, നീതി സ്റ്റോറുകൾക്ക് നൽകേണ്ട കമ്മീഷൻ എന്നിവ നികത്തുന്നതിനായി വളരെ മിതമായ മാർജിൻ മാത്രം ഈടാക്കി സാധനങ്ങളുടെ വിൽപ്പന വില നിശ്ചയിക്കുന്നു. ഫെഡറേഷൻ നിശ്ചയിച്ച് നൽകുന്ന വിലയ്ക്കാണ് നീതി സ്റ്റോറുകളിലൂടെ സാധനങ്ങൾ വിൽപ്പന നടത്തുന്നത്. ഇവയിൽ കൂടി വില്പന നടത്തുന്ന സാധനങ്ങൾക്ക് സ്ഥിരം സർക്കാർ സബ്സിഡി അനുവദിച്ചിട്ടില്ല.

<u>നന്മ സ്റ്റോർ</u>

സാധനങ്ങൾ ബന്ധപ്പെട്ട നീതി വിതരണ കേന്ദ്രങ്ങളിൽ പായ്ക്ക് ചെയ്ത് നന്മ സ്റ്റോറുകൾക്ക് വിതരണം ചെയ്യുന്നു. വിതരണ കേന്ദ്രങ്ങളിൽ നിന്നും നന്മ സ്റ്റോറുകളിലേയ്ക്കുള്ള കടത്തു കൂലി ഫെഡറേഷൻ വഹിക്കുന്നു. സ്വന്തം ചെലവിൽ സാധനങ്ങൾ കൊണ്ടു പോകുന്ന സംഘങ്ങൾക്ക് സാധന വിലയുടെ 1 ശതമാനം കടത്തു കൂലി ഇനത്തിൽ ഇളവ് അനുവദിക്കുന്നു. കൺസ്യൂമർ ഫെഡിന്റെ വിലവിവരപഠന ഗവേഷണ വിഭാഗം 14 ജില്ലകളിലായി 14 നഗരങ്ങളിലെയും, 14 ഗ്രാമങ്ങളിലെയും ഉൾപ്പെടെ 28 വിലകൾ താരതമ്യപ്പെടുത്തി ശരാശരി വില നിശ്ചയിച്ച് എല്ലാ മാസവും 1-ാം തീയതി പ്രമുഖ ദിന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. ഈ വിലയ്ക്ക് നന്മ സ്റ്റോറുകളിൽ നിന്ന് സാധനങ്ങൾ വിൽപ്പന നടത്തുകയും വിൽപ്പനയുടെ 4 ശതമാനം കമ്മീഷനായി സഹകരണ സംഘങ്ങൾ നടത്തുന്ന നന്മ സ്റ്റോറുകൾക്ക് നൽകുകയും ചെയ്യുന്നു. സർക്കാർസബ്സിഡി കൂടാതെയാണ് നന്മ സ്റ്റോറുകളിലൂടെ സാധനങ്ങൾ വിലകുറച്ച് വിൽപ്പന നടത്തുന്നത്.

(ഇ) നീതി സ്റ്റോറുകളുടെയും നന്മ സ്റ്റോറുകളുടെയും നടത്തിപ്പിനു വേണ്ടി തന്നാണ്ടിൽ എന്തു തുക വീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്; ഇതിൽ സബ്സിഡി തുക എത്ര ?

(ഇ) നീതി സ്റ്റോറുകൾക്കും, നീതി മെഡിക്കൽ സ്റ്റോറുകൾക്കുമായി തന്നാണ്ടിൽ 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപ സബ്സിഡി തുകയാണ്. നന്മ സ്റ്റോറുകൾക്ക് മാത്രമായി തന്നാണ്ടിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ